# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 801 — 05.02.2020-ന് മറുപടിയ്ക്ക്

## ഒ.ഇ.സി. ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി.പി. സജീന്ദ്രൻ :** | | **എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മൺപാത്ര നിർമാണം കലത്തൊഴിൽ ആയിട്ടുള്ള സമുദായത്തെ ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ വിവിധ പഠന കോഴ്സുകൾ പൂർത്തിയാക്കുന്ന അവസരങ്ങളിൽ അവർക്ക് ഒ.ഇ.സി. ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഒ.ഇ.സി -ക്ക് തുല്യമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് 30 സമുദായങ്ങളെ ഒ.ബി.സി -യിൽ നിന്നും തിരഞ്ഞെടുത്തതും കെ.പി.സി.ആർ. ആനുകൂല്യത്തിനുള്ള വരുമാന പരിധി 42,000/- രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായി ഉയർത്തിയതും 2016 -ൽ ഒ.ഇ.സി. ആനുകൂല്യം വർദ്ധിപ്പിച്ചതിനാലും സ്വാശ്രയ സ്ഥാപനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് മൂലവും ഈ ഇനത്തിൽ കുടിശ്ശിക ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അവർക്ക് ഒ.ഇ.സി. ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ ? | (ബി) | ടി കുടിശ്ശിക തീർക്കുന്നതിന് 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ സർക്കാർ 300 കോടി രൂപ അധിക സഹായം അനുവദിക്കുക വഴി കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കാൻ സാധിച്ചിട്ടുണ്ട്. നിലവിൽ പര്യാപ്തമായ ഫണ്ട് ഉള്ളതിനാൽ ഒ.ഇ.സി. ആനുകൂല്യങ്ങൾ യഥാസമയം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ